(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾ അവയുടെ വാർഷിക ബഡ്ജറ്റിനോടൊപ്പം അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അടുത്ത സാമ്പത്തിക വർഷം മുതൽ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽത്തന്നെ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഗോവധ നിരോധനം**

12 (*162) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. വി. സതീശ് ചന്ദ്രൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോവധ നിരോധനം സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഗോവധ നിരോധനം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) കേന്ദ്ര കന്നുകാലി കമ്മീഷന്റെ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിശ്വഹിന്ദു പരിഷത്തുകാർ കേരളത്തിലേക്ക് കൊണ്ടുവരുന്ന പശുക്കൾ ഉൾപ്പെടെയുള്ള അറവുമാടുകളെ റോഡിൽ തടഞ്ഞ് തിരിച്ചയച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അറവുമാടുകളെ തടഞ്ഞവർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ & ബി) ഗോവധ നിരോധനം സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

(സി &ഡി) ഉണ്ട്. മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് 10 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**നെബുലൈസർ, ഇൻസിനറേറ്റർ എന്നിവ വാങ്ങിയത് സംബന്ധിച്ച് അന്വേഷണം**

13 (*163) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികൾക്കായി നെബുലൈസർ, ഇൻസിനറേറ്റർ എന്നിവ വാങ്ങിയത് സംബന്ധിച്ച് സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കുമോ ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികൾക്കായി വാങ്ങിയ ഇൻസിനറേറ്റർ ഇനിയും സ്ഥാപിക്കാനുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നെബുലൈസർ ഏതു കമ്പനിയിൽ നിന്നാണ് വാങ്ങിയത് ; മൊത്തം എത്രയെണ്ണം വാങ്ങി, ഇതിന്റെ മൊത്തം വിലയെത്ര, ഈ ഇനത്തിൽ എന്തു തുക കമ്പനിക്ക് ഇനിയും നൽകാനുണ്ട് ;

(ഡി) മാനദണ്ഡങ്ങളും വ്യവസ്ഥകളും ലംഘിച്ച് ആശുപത്രി ഉപകരണങ്ങൾ വാങ്ങിയതിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ആവശ്യകതയുടെയും ഫണ്ടിന്റെയും അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിച്ചു കഴിഞ്ഞാൽ വിപുലമായ പരസ്യം നൽകി, ഗുണനിലവാരം ഉള്ളതെന്ന് ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയ സാധനം ഏറ്റവും കുറഞ്ഞ വിലയ്ക്കു രേഖപ്പെടുത്തിയ കമ്പനിയിൽ നിന്നും വാങ്ങുകയാണ് ചെയ്യുന്നത്. കേരള സ്റ്റോർ പർച്ചേസ് റൂൾ അനുസരിച്ച് മാത്രമാണ് ഈ നടപടിക്രമങ്ങൾ.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ വാങ്ങിയ ഇൻസിനറേറ്റർ സ്ഥാപിക്കുവാനുള്ള ജോലി നടന്നുകൊണ്ടിരിക്കുന്നു. രണ്ടാഴ്ചക്കകം തീരുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ ജപ്പാൻ കമ്പനിയായ മുരണാക്കാ മെഡിക്കൽ ഇൻസ്ട്രുമെന്റ്സിൽ നിന്ന് 71,966 രൂപക്ക് ഒന്നും, കോഴിക്കോട് മെഡിക്കൽ കോളേജിൽ സൈക്രേലക്സ് കമ്പനിയിൽ നിന്ന് 6,300 രൂപക്ക് മൂന്നും ഗാലക്സ് സിസ്റ്റം കോഴിക്കോട് എന്ന കമ്പനിയിൽ നിന്ന് 4000 രൂപക്ക് രണ്ടും നെബുലൈസറുകൾ വാങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ കമ്പനികൾക്ക് ഒരു തുകയും നൽകാനില്ല. മറ്റ് ആശുപത്രികൾക്കായി 1998-99-ൽ 1,60,000 രൂപയ്ക്ക് 100 എണ്ണം സബർവാൾ സർജിക്കൽ കമ്പനി, കോയമ്പത്തൂരിൽ നിന്നും 2000-01-ൽ 2,99,155 രൂപക്ക് 153 എണ്ണം എസ്.എസ്. മെഡിഹെൽ, തിരുവനന്തപുരത്തു നിന്നും 2001-02-ൽ 98,280 രൂപയ്ക്ക് 54 എണ്ണം തൃശ്ശൂരിലെ തൃശൂർ സർജിക്കലിൽ നിന്നും വാങ്ങി. മേൽപ്പറഞ്ഞ കമ്പനികൾക്ക് തുക നൽകാനില്ല. 2002-03-ൽ നിദേക് മെഡിക്കൽ ഇന്ത്യ (പ്രൈ) ലിമിറ്റഡ് കൽക്കട്ടയിൽ നിന്ന് 5,85,000 രൂപയ്ക്ക് 300 എണ്ണം വാങ്ങിയത് വിതരണം തുടരുന്നതേയുള്ളൂ. വിതരണം കഴിഞ്ഞേ തുക കൊടുക്കേണ്ടതുള്ളൂ.

(ഡി) മനാദണ്ഡങ്ങൾക്കനുസൃതമായാണ് ആശുപത്രി ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

## ഖാദി ഉല്പാദകർക്കുള്ള റിബേറ്റ് തുക

14 (*164) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഖാദി ഉല്പാദക സ്ഥാപനങ്ങൾക്ക് റിബേറ്റ് ഇനത്തിൽ കേന്ദ്രത്തിൽനിന്നും എന്തു തുക കിട്ടാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly